കെ.എസ്.എ-കെ.ടി.എം.പി4/1413/2017
തീയതി:20.09.2017

# കോട്ടയം ജില്ലയിലെ ഉഴവൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കോട്ടയം ജില്ലയിലെ ഉഴവൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.11.16 മുതൽ 31.07.17 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ.ഷൈജു എസ്., ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 24.8.2017 മുതൽ 31.8.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.പി.ജി.പ്രസാദ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി സ്മിത ജി. നായർ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സുമേഷ് പി.വി.(25.8.17 മുതൽ) | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ.ആൽബിൻ സിറിയക്ക് | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി മേരി എം.റ്റി. | 01.4.16-31.03.17 |
| സെക്രട്ടറി | ശ്രീ.ജോൺ കെ. തോമസ് | 01.04.2016-22.4.16<br>17.5.16-14.7.16 |
| | ശ്രീ.സണ്ണി മാത്യു(അസിസ്റ്റന്റ് സെക്രട്ടറി ഇൻചാർജ്) | 23.4.16-16.5.16<br>15.7.16-20.12.16 |
| | ശ്രീ.ഒ.എം.മത്തായി | 21.12.16 -31.03.17 |

നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.സണ്ണി മാത്യു | 01.04.16 മുതൽ 31.03.17 വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. സോജൻ കെ.എസ്. | 01.04.16 മുതൽ 31.03.17 വരെ |
| കൃഷിഓഫീസർ | ശ്രീ.ഹാരിസ് എം. | 01.04.16 മുതൽ 31.03.17 വരെ |
| വെറ്ററിനറിസർജൻ | ഡോ.എൽസോ ജോൺ | 01.04.16 മുതൽ 31.03.17 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.സെബാസ്റ്റ്യൻ ആന്റണി | 01.04.16 മുതൽ 31.03.17 വരെ |
| വി.ഇ.ഒ | ശ്രീ.സുനിൽ എ.പി. | 01.04.16 മുതൽ 31.03.17 വരെ |
| എൽ.വി.ഇ.ഒ | ശ്രീമതി സുഷഹരി | 01.04.16 മുതൽ 31.03.17 വരെ |

| | | |
|---|---|---|
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | ശ്രീമതി എൽ.അംബിക | 01.04.16 മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ.പ്രിറ്റിരാജ് | 01.04.16 മുതൽ 31.03.17 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | ഡോ.എൻ.പി.മേരി | 01.04.16 മുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.ധന്യാപ്രസാദ് | 01.04.16 മുതൽ 31.3.17 വരെ |
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി അംബിക സി.കെ. | 01.04.16 മുതൽ 31.3.17 വരെ |

ഉള്ളടക്കം


| ഖണ്ഡിക നമ്പർ | വിഷയം |
|---|---|
| ഭാഗം 1-പൊതു അവലോകനം | |
| 1-1 | ഓഡിറ്റ് ലക്ഷ്യം, മാനദണ്ഡം |
| 1-2 | ബജറ്റ് |
| 1-3 | വാർഷിക ധനകാര്യപത്രിക |
| 1-4 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-5 | സാമ്പത്തിക വിശകലനം |
| 1-6 | ഫണ്ട് വിനിയോഗം (എ.സി.ആർ.പ്രകാരം) |
| 1-7 | പദ്ധതി അവലോകനം |
| 1-8 | തനത് വരുമാനം |
| 1-9 | ക്ഷേമ പദ്ധതികൾ |
| 1-10 | ക്യാഷ് വെരിഫിക്കേഷൻ |
| 1-11 | ആഭ്യന്തരനിയന്ത്രണം |
| 1-12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം 2-വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 2-1 | വാർഷികകണക്കുകളുടെ അവലോകനം |
| 2-2 | ജീവനക്കാരുടെ/സ്ഥാപനങ്ങളുടെ തൊഴിൽനികുതി ഈടാക്കിയതിലെ അപാകതകൾ |
| 2-3 | വസ്തുനികതി--24 ലക്ഷത്തിലധികം രൂപ കുടിശ്ശിക നിലനിൽക്കുന്നു |
| 2-4 | വസ്തുനികതി പരിഷ്കരണം--ഭേദഗതി വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ നിരക്കുകൾ നിർണ്ണയിച്ച് വിജ്ഞാപനം ചെയ്തിട്ടില്ല |
| 2-5 | വസ്തുനികതി പരിഷ്കരണം--നടപടികൾ പൂർത്തീകരിച്ചിട്ടില്ല |
| 2-6 | ഹാളുകൾ/ഓഡിറ്റോറിയങ്ങൾ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല |
| 2-7 | വസ്തുനികതി--ഒഴിവാക്കി നൽകിയതിന്റെ കാരണം വ്യക്തമല്ല |
| 2-8 | വസ്തുനികതി നിർണ്ണയത്തിൽ അപാകത; നികതി പുനർനിർണ്ണയിക്കണം |
| 2-9 | സ്വകാര്യ അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വസ്തുനികുതി ചുമത്തിയിട്ടില്ല |

| | |
|---|---|
| 2-10 | കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള വിസ്തീർണ്ണത്തിന് വസ്തുനികുതി നിർണ്ണയിച്ചില്ല--നികുതി നഷ്ടം |
| 2-11 | വസ്തുനികുതി--ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ ഉപയോഗക്രമം വ്യക്തമല്ല |
| 2-12 | വസ്തുനികുതി--സാംഖ്യ സഞ്ചയ കണക്കുകൾ പൊരുത്തപ്പെടുന്നില്ല |
| 2-13 | വളർത്ത് നായ്ക്കൾക്ക് ലൈസൻസ് അനുവദിക്കുന്നതിൽ വീഴ്ച |
| 2-14 | വാടകയിനത്തിൽ ഭീമമായ തുക കുടിശ്ശികയായി അവശേഷിക്കുന്നു |
| 2-15 | പരസ്യനികുതി പിരിക്കുന്നില്ല |
| 2-16 | ഷോപ്പിംഗ് കോംപ്ലക്സ്--ബൈലോ തയ്യാറാക്കിയിട്ടില്ല |
| ഭാഗം 3--ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | സ്യൂട്ട് രജിസ്റ്റർ സൂക്ഷിപ്പിൽ അലംഭാവം |
| 3-2 | പശ്ചിമഘട്ട വികസനപദ്ധതി--തുകയുടെ കൈപ്പറ്റില്ല |
| 3-3 | തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണി--പ്രോജക്ട് പൂർത്തീകരിക്കാത്തത് സംബന്ധിച്ച് |
| 3-4 | അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകൾ--ടെണ്ടറുകൾ മത്സരസ്വഭാവം പുലർത്തിയില്ല |
| 3-5 | മരുന്നുകൾ ലഭ്യമായിട്ടില്ല |
| 3-6 | വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല |
| 3-7 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി |
| ഭാഗം 4--പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4-2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം1 | ഓഡിറ്റ് സാക്ഷ്യപത്രം 2016-17 |
| അനുബന്ധം 2 | ബാലൻസ് ഷീറ്റ് 2016-17 |
| അനുബന്ധം 3 | ഇൻകം അന്റ് എക്സ്പെൻഡീച്ചർ 2016-17 |
| അനുബന്ധം 4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് 2016-17 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ഓഡിറ്റ് ലക്ഷ്യം, മാനദണ്ഡം

കേരള പഞ്ചായത്ത് രാജ് നിയമങ്ങൾ, ചട്ടങ്ങൾ, അനുബന്ധമായി സർക്കാർ യഥാസമയം പുറപ്പെടുവിക്കുന്ന ഉത്തരവുകൾ എന്നിവ പാലിച്ച് ഗ്രാമപഞ്ചായത്ത് അതിന്റെ ഉത്തരവാദിത്തങ്ങളും ചുമതലകളും നിർവഹിച്ചിട്ടുണ്ടോ, ടി ഉത്തരവാദിത്തങ്ങളും, ചുമതലകളും നിറവേറ്റുന്നതിന് ലഭ്യമായ ഉദ്യോഗസ്ഥരുടെ സേവനം യഥാവിധി വിനിയോഗിച്ചുവോ, പഞ്ചായത്തിന് എല്ലാ സ്രോതസ്സുകളിൽ നിന്നുമായി ലഭിക്കാനുള്ള വരുമാനം പൂർണമായും യഥാസമയം ശേഖരിച്ചുവോ, ഇപ്രകാരം ലഭിച്ച വരുമാനം പാഴ്ചെലവില്ലാതെ കൃത്യമായി വിനിയോഗിച്ചോ, ഇപ്രകാരം ശേഖരിക്കുകയും ചെലവഴിക്കുകയും ചെയ്ത തുകകളുടെ കൃത്യമായ കണക്കുകളാണോ വാർഷികധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്നിവയുടെ പരിശോധനകളാണ് ഓഡിറ്റിന്റെ ലക്ഷ്യമായി നിജപ്പെടുത്തിയത്.

പഞ്ചായത്തിന്റെ മിനിറ്റ്സ് ബുക്കുകൾ, ഓഫീസ് ഉത്തരവുകൾ, സാംഖ്യ ഉൾപ്പെടെയുള്ള രസീതുകൾ, വസ്തുനികുതി, തൊഴിൽനികുതി, വാടക ലേലം, കെട്ടിടനിർമ്മാണ പെർമിറ്റുകൾ, മറ്റിനം വരവുകൾ എന്നിവ സംബന്ധിച്ച രേഖകൾ, വിവിധ ചെലവുകളുടെ വൗച്ചറുകൾ, നിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കിയ പ്രോജക്ടുകളുടെ രേഖകൾ, അനുബന്ധ രജിസ്റ്ററുകൾ എന്നിവയുടെ പരിശോധനയിലൂടെ മേൽചേർത്ത ഓഡിറ്റ് ലക്ഷ്യങ്ങളുടെ ഫലപ്രാപ്തി വിലയിരുത്തുക എന്നതായിരുന്നു ഓഡിറ്റ് മാനദണ്ഡം.

## 1-2 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 04.03.2016 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം പ്രതീക്ഷിച്ച വരവും യഥാർത്ഥത്തിലുള്ള വരവും തമ്മിലുള്ള അന്തരം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം (യഥാർത്ഥ വരവ്) | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 36,57,697 | 62,51,527 | 25,93,830 | |
| വരവ് | 9,08,84,000 | 3,72,55,579 | | 5,36,28,421 |
| ആകെ | 9,45,41,697 | 4,35,07,106 | | 5,10,34,591 |
| ചെലവ് | 9,11,11,000 | 3,38,59,797 | | 5,72,51,203 |
| നീക്കിയിരിപ്പ് | 34,30,697 | 96,47,309 | 62,16,612 | |

പ്രതീക്ഷിത വരവുചെലവും യഥാർത്ഥ വരവുചെലവും തമ്മിൽ കോടികളുടെ അന്തരമുണ്ട്. സ്ഥാപനത്തിന്റെ വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ മനസ്സിലാക്കി ബജറ്റ് യാഥാർത്ഥ്യബോധത്തോടെ തയ്യാറാക്കാൻ ശ്രമിക്കേണ്ടതാണ്.

## 1-3 വാർഷിക ധനകാര്യപത്രിക

2016-17ലെ വാർഷിക ധനകാര്യപത്രിക 13.6.17ൽ ഓഡിറ്റിനായി സമർപ്പിച്ചിട്ടുണ്ട്.

## 1-4 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | ഓഡിറ്റ് വേളയിൽ പരിശോധിച്ച് സാക്ഷ്യപത്രം നൽകി | അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്. |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-5 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 62,51,527 |
| വരവ് | 3,72,55,579 |
| ആകെ | 4,35,07,106 |
| ചെലവ് | 3,38,59,797 |
| നീക്കിയിരിപ്പ് | 96,47,309 |

## 1-6 ഫണ്ട് വിനിയോഗം(എ.സി.ആർ പ്രകാരം)

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ചെലവ് | സഞ്ചിതനിധിയിലേക്ക് തിരികെപ്പോയ തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 74,51,718 | 74,36,947 | 14,771 | 99.8 |
| വികസനഫണ്ട് എസ്.സി.പി. | 0 | 19,21,932 | 14,73,560 | 4,48,372 | 76 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 87,405 | 34,686 | 52,719 | 39 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 1,25,85,465 | 80,54,338 | 45,31,127 | 63.9 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 25,54,755 | 14,48,979 | 11,05,776 | 56.7 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 41,79,502 | 14,31,740 | 27,47,762 | 34.25 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 32,09,555 | 14,38,182 | 17,71,373 | 54 |

## 1-7 പദ്ധതി അവലോകനം

ജി.ഒ(എം.എസ്)4/16/ത.സ്വ.ഭ.വ തീയതി 11.1.16 ൽ പരാമർശിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ച് രൂപീകരിച്ച് ഭരണസമിതി അംഗീകരിച്ച പദ്ധതിക്ക്, ഉത്തരവ് നം.490/2016/DPC/DPO/KTM തീയതി 27.03.2017 പ്രകാരം ഡി.പി.സി അംഗീകാരം ലഭിച്ചു.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത്(എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) | നടപ്പാക്കിയ പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|
| 152 | 3,67,39,057 | 93 | 2,28,84,029 | 59 | 61 |

പഞ്ചായത്ത് ഓഫീസിന് ഐ.എസ്.ഒ സർട്ടിഫിക്കേഷൻ, പൊതുശ്മശാനം സ്ഥലം വാങ്ങൽ, ബസ് സ്റ്റാന്റ് കം ടാക്സി സ്റ്റാന്റിന് സ്ഥലമെടുപ്പ്, മാർക്കറ്റ് മാലിന്യസംസ്കരണ പ്ലാന്റ് മെയിന്റനൻസ്, സോളാർ തെരുവുവിളക്ക് സ്ഥാപിക്കൽ തുടങ്ങിയ പ്രധാന പ്രോജക്ടുകൾക്ക് തുക വകയിരുത്തിയിരുന്നെങ്കിലും ചെലവഴിച്ചില്ല.
നിർബന്ധിത വകയിരുത്തലുകളിൽ നിന്നും വ്യത്യസ്തമായി പ്രോജക്ടുകൾ ഏറ്റെടുത്ത് നടപ്പാക്കാൻ തുടർ വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

നിർവ്വഹണോദ്യോഗസ്ഥരുടെ പ്രോജക്ടുകളുടെ അവലോകനം

| നിർവ്വഹണോദ്യോഗസ്ഥർ | അംഗീകാരം ലഭിച്ച പ്രോജക്ടുകൾ | നിർവ്വഹിച്ചത് | ചെലവുതുക |
|---|---|---|---|
| കൃഷി ഓഫീസർ | 3 | 3 | 11,91,968 |
| വെറ്ററിനറി സർജൻ | 3 | 3 | 13,55,140 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി. | 1 | 1 | 3,50,000 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 4 | 4 | 3,07,208 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 1 | 1 | 2,00,000 |
| എൽ.വി.ഇ.ഒ. | 1 | 1 | 10,78,000 |
| ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 3 | 3 | 21,89,172 |
| സെക്രട്ടറി | 23 | 10 | 15,72,036 |
| ഹെഡ്മാസ്റ്റർ | 1 | 1 | 4,00,000 |
| വി.ഇ.ഒ. | 3 | 3 | 1,54,000 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 96 | 52 | 1,06,84,654 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 4,00,000 |
| അസിസ്റ്റന്റ് സെക്രട്ടറി | 12 | 10 | 16,15,851 |

തൻവർഷത്തെ പ്രോജക്ടുകളിൽ ബഹുഭൂരിപക്ഷവും അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പശ്ചാത്തലമേഖലയിൽ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികൾ ആയിരുന്നു. ഉൽപ്പാദന മേഖലയ്ക്ക് വേണ്ടത്ര പ്രാധാന്യം നൽകിയതായി കാണുന്നില്ല.

## 1-8 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിലുണ്ടായ തനതു വരുമാനത്തിലെ വർദ്ധനവ് ചുവടെ ചേർക്കുന്നു. ലഭ്യമായ രേഖകളുടെയും രജിസ്റ്ററുകളുടെയും അടിസ്ഥാനത്തിലാണ് വിവരം ശേഖരിച്ചിട്ടുള്ളത്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം |
|---|---|---|---|
| നികുതി വരവുകൾ | 23,61,959 | 55,63,988 | (+)32,02,029 |
| നികുതിയേതര വരവുകൾ | 10,12,847 | 15,11,234 | (+)4,98,387 |
| മറ്റുവരവുകൾ | 1,73,588 | 1,79,613 | (+)6,025 |
| ആകെ | 35,48,394 | 72,54,835 | (+)37,06,441 |

## 1-9 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 40,200 | 23 |
| കർഷകതൊഴിലാളി പെൻഷൻ | 17,33,550 | 207 |
| വിധവാപെൻഷൻ | 40,97,290 | 408 |
| വാർദ്ധക്യകാലപെൻഷൻ | 65,35,015 | 782 |
| വികലാംഗപെൻഷൻ | 14,34,830 | 172 |
| അൻപതു വയസ്സിനു മുകളിലുള്ള അവിവാഹിതകൾക്കുള്ള പെൻഷൻ | 2,29,590 | 25 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 1,50,000 | 5 |

## 1-10 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധ 29.8.2017ന് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 40,621 രൂപയുടെ ക്യാഷ് ബാലൻസ് പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-11 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണ സംവിധാനം പൊതുവെ തൃപ്തികരമാണ്. ഓഫീസ് ഉത്തരവുകൾ മുഖാന്തിരം വിവിധ സെക്ഷനുകളിലെ ജോലികളും ഉത്തരവാദിത്തങ്ങളും കൃത്യമായി നിർണ്ണയിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസിൽ സൂക്ഷിക്കേണ്ട രജിസ്റ്ററുകൾ കൃത്യമായി എഴുതി സൂക്ഷിച്ചുവരുന്നു. ഫ്രണ്ട് ഓഫീസ് സംവിധാനം മികച്ച രീതിയിൽ പ്രവർത്തിക്കുന്നു. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ബിൽ രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്. ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി പ്രതിമാസ ചെലവുകൾ പാസ്സാക്കുന്നുണ്ട്. വൗച്ചറുകൾ പ്രസിഡന്റ് സാക്ഷ്യപ്പെടുത്തുന്നുണ്ട്. എന്നാൽ സ്യൂട്ട് രജിസ്റ്റർ കാലികമായി എഴുതി സൂക്ഷിക്കുന്നില്ല.
ആശ്രയപദ്ധതി ഒന്നാംഘട്ടത്തിലെ ഗുണഭോക്താക്കൾക്ക് തുടർ സേവനങ്ങൾ ലഭ്യമാക്കുന്നതിന് നടപടികൾ ഊർജിതപ്പെടുത്തേണ്ടതാണ്.

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.08.2017 | 7/17 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20.09.07-15.10.07 | 1997-98 മുതൽ 2006-07 വരെ | LBA(HQ/I1/8A-1199 /310/Dt.14.11.07 |

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷികകണക്കുകളുടെ അവലോകനം

ഉഴവൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17 ധനകാര്യ പത്രികയുടെ ഭാഗമായ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള ആകെ വരുമാനം 5,20,18,665/- രൂപയും ചെലവ് 5,54,93,772/- രൂപയുമാണ്. തൻവർഷ ഡെഫിസിറ്റ് 1,65,774/- രൂപയാണ്. റസീറ്റ് & പേമെന്റ് പത്രിക പ്രകാരം തൻവർഷത്തെ ആകെ വരവ്(മുന്നിരിപ്പ് ഉൾപ്പടെ) 4,35,07,106/- രൂപയും ആകെ ചെലവ്(നീക്കിയിരിപ്പ് ഒഴികെ) 3,38,59,797/- രൂപയുമാണ്. 31.03.2017 ലെ കാഷ്/ബാങ്ക് നീക്കിയിരിപ്പ് 96,47,309 രൂപയാണ്. 31.03.17ലെ ആസ്തി ബാദ്ധ്യത 3,63,45,656 രൂപയാണ്. ധനകാര്യ പത്രിക പരിശോധിച്ചതിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പ്രധാന ന്യൂനതകളുടെ സംഗ്രഹം താഴെ ചേർക്കുന്നു.

1) 26.07.2011-ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി. യിലെ നിർദേശം പാലിച്ച് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല.
2) ഗ്രാമ പഞ്ചായത്തിന്റെ ആസ്തി-ബാധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർണ്ണമായിട്ടില്ല. ആയതിനാൽ ധനകാര്യ പത്രിക പ്രകാരം കണക്കാക്കിയ ജനറൽ ഫണ്ട്കൃത്യമല്ല.
3)സഞ്ചയ-സാംഖ്യ മാപ്പിങ്ങ് പൂർത്തിയായിട്ടില്ലാത്തിതിനാൽ വസ്തുനികുതിയുടെ ഡിമാന്റ് കളക്ഷൻ ബാലൻസ് തുകയുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
4) ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ ആസ്തിയായി ബി18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

## 2-2 ജീവനക്കാരുടെ/സ്ഥാപനങ്ങളുടെ തൊഴിൽ നികുതി ഈടാക്കിയതിലെ അപാകതകൾ

1.ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല

2016-17 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി രജിസ്റ്ററും അനുബന്ധ രേഖകളും പരിശോധിച്ചതിൽ താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു.

| ക്രമ നമ്പർ | സ്ഥാപനം | അടക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | മാർക്കറ്റിംഗ് കോപ്പറേറ്റീവ് സൊസൈറ്റി, മോനിപ്പള്ളി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 2 | എൻ.എഫ്.ഡി ഫിനാൻസ്, ഉഴവൂർ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 3 | ലിറ്റിൽ ഫ്ലവർ വിദ്യാനികേതൻ, മോനിപ്പള്ളി | ഒന്നാം അർദ്ധവർഷം |

2. തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

ശാന്തോം മെറ്റാകാസ്റ്റ് പ്രൈവറ്റ് ലിമിറ്റഡ്, മോനിപ്പള്ളി എന്ന സ്ഥാപനത്തിലെ താഴെ പറയുന്ന ജീവനക്കാരിൽ നിന്ന് ഒന്നാം അർദ്ധവാർഷിക തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് കാണുന്നു.

| ജീവനക്കാരുടെ പേര് | അർദ്ധവാർഷിക വരുമാനം | ഈടാക്കിയ തുക | ഈടാക്കേണ്ട തുക | കുറവ് |
|---|---|---|---|---|
| അല്ലി സജു, സ്ക്രാപ്പ് സെഗ്രഗേഷൻ | 48,400 | 300 | 450 | 150 |
| അനിൽ സിംഗ്, ഫർണസ് ഓപ്പറേറ്റർ | 96,000 | 450 | 750 | 300 |
| മേരി ദേവസ്യ, ബെയിലിംഗ് പ്രസ് ഹെൽപ്പർ | 48,400 | 300 | 450 | 150 |
| ആകെ | | | | 600 |

3. സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല

താഴെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് വിറ്റുവരവിന്റെ അടിസ്ഥാനത്തിലുള്ള സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു.

| ക്രമ നമ്പർ | സ്ഥാപനം | ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, മോനിപ്പള്ളി | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |
| 2 | എൻ.എഫ്.ഡി ഫിനാൻസ്, ഉഴവൂർ | ഒന്നും രണ്ടും അർദ്ധവർഷങ്ങൾ |

ഇതു സംബന്ധിച്ച് നൽകിയ എൻക്വയറിക്ക് (1/30.08.17) മറുപടിയായി മേൽപ്പറഞ്ഞ സ്ഥാപനങ്ങളുടെ/ജീവനക്കാരുടെ തൊഴിൽനികുതി പൂർണ്ണമായി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നികുതികൾ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3 വസ്തുനികുതി- 24 ലക്ഷത്തിലധികം രൂപ കുടിശിക നിലനിൽക്കുന്നു

വസ്തുനികുതിയിനത്തിൽ 31.03.2017-ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-15 പ്രകാരം പഞ്ചായത്തിന് ലഭിക്കാനുള്ള തുകയുടെ വിശദാംശം താഴെ ചേർക്കുന്നു.

| കണക്ക് ശീർഷകം | വസ്തുനികുതി ഇനം | തുക (ലൈബ്രറി സെസ് ഉൾപ്പടെ) |
|---|---|---|
| 431100101 | റസിഡെൻഷ്യൽ (കറണ്ട്) | 3,08,019 |
| 431100102 | റസിഡെൻഷ്യൽ (അരിയർ) | 4,27,631 |
| 431100103 | നോൺ റസിഡെൻഷ്യൽ (കറണ്ട്) | 7,12,556 |
| 431100104 | നോൺ റസിഡെൻഷ്യൽ (അരിയർ) | 10,07,189 |

| | |
|---|---|
| ആകെ | 24,55,395 |

വസ്തുനികുതിയിലെ കുടിശിക 2017-18 വർഷം പൂർണ്ണമായും പിരിച്ചെടുക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്
.

## 2-4 വസ്തുനികുതി പരിഷ്കരണം- ഭേദഗതി വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ നിരക്കുകൾ നിർണ്ണയിച്ച് വിജ്ഞാപനം ചെയ്തിട്ടില്ല

വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച വിജ്ഞാപനത്തിന് 24.02.2015 ലെ സ.ഉ.(അച്ചടി)നം.36/2015/തസ്വഭവ പ്രകാരം വരുത്തിയ ഭേദഗതിയിൽ, താഴെ പറയുന്ന ഉപയോഗക്രമത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് ഒരു ച.മീറ്ററിന് ബാധകമായ കുറഞ്ഞതും കൂടിയതുമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്.

| ഉപയോഗക്രമം | കുറഞ്ഞ നിരക്ക് | കൂടിയ നിരക്ക് |
|---|---|---|
| സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ | 30 | 60 |
| വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്കുമാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് | 3 | 8 |
| മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്ട്, 2006 (2006 ലെ 7) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 15 | 25 |
| ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ | 150 | 160 |

മേൽ ഉപയോഗക്രമത്തിൽപ്പെട്ട കെട്ടിടങ്ങൾക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ തീരുമാനിച്ച് പഞ്ചായത്ത് ഭരണസമിതി വിജ്ഞാപനം ചെയ്തിട്ടില്ല. കൂടാതെ ഗ്രാമപഞ്ചായത്തിൽപ്പെട്ട ഉഴവൂർ സെന്റ് സ്റ്റീഫൻസ് കോളേജിനോടനുബന്ധിച്ച് ഹോസ്റ്റലുകൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ സഞ്ചയ ഡേറ്റാബേസിൽ ഹോസ്റ്റലുകൾ എന്ന ഗണത്തിൽ ഉൾപ്പെടുത്തി ഒരു കെട്ടിടത്തിന്റെയും നികുതി നിർണ്ണയിച്ചിട്ടില്ല. ഹോസ്റ്റൽ എന്ന ഗണത്തിലുള്ള കെട്ടിടങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ എന്നതിനെ സംബന്ധിച്ച് നൽകിയ അന്വേഷണക്കുറിപ്പിന് (നം.7,15/29.8.17)മറുപടി ലഭ്യമാക്കിയില്ല(എൻക്വയറി നം.15). ആയതിനാൽ മേൽ ഗണത്തിൽപ്പെട്ട കെട്ടിടങ്ങളുടെ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ച് വിജ്ഞാപനം ചെയ്യേണ്ടതും നിരക്കുകൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തേണ്ടതും ഉപയോഗക്രമത്തിന് ബാധകമായ നിരക്കിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതുമാണ്.

## 2-5 വസ്തുനികുതി പരിഷ്കരണം--നടപടികൾ പൂർത്തീകരിച്ചിട്ടില്ല

14.01.2011 ലെ സർക്കാർ ഉത്തരവ് 19/2011, 20/2011 തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചുകൊണ്ട് ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ടെങ്കിലും 24.02.2015 ലെ സ.ഉ.(അച്ചടി)നം.36/2015 /തസ്വഭവ പ്രകാരം വരുത്തിയ ഭേദഗതി പ്രകാരം സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ, വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്കുമാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ്, മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്ട്, 2006 (2006 ലെ 7) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ, ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ, തുടങ്ങിയ ഉപയോഗക്രമത്തിൽപ്പെട്ട കെട്ടിങ്ങൾക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ തീരുമാനിച്ചെങ്കിലും വിജ്ഞാപനം ചെയ്തിട്ടില്ല. മേൽ ഉത്തരവുകൾ പ്രകാരമുള്ള പരിഷ്കരണം ഗ്രാമപഞ്ചായത്തിൽ പൂർത്തിയായില്ല. 1993ലെ നികുതി നിർണ്ണയ രജിസ്റ്റർ പ്രകാരം 9 വാർഡുകളിലെ 5277 കെട്ടിടങ്ങളുടെയും ഡേറ്റാ എൻട്രി സഞ്ചയ സോഫ്റ്റ്‌വെയറിൽ പൂർത്തിയാക്കുകയും 5256 കെട്ടിടങ്ങളുടെ ഫോറം 6, ഡിമാന്റ് നോട്ടീസ് ജനറേറ്റ് ചെയ്തിട്ടുണ്ട്. 21 കെട്ടിടങ്ങൾ അപ്രൂവ് ചെയ്തിട്ടില്ല. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 27.04.2015-ലെ ജി.ഒ.(എം എസ്)144/2015, 26.12.2015-ലെ ജി.ഒ.(എം.എസ്)358/2015 എന്നിവ പ്രകാരം, സർക്കാർ പ്രഖ്യാപിച്ച

ഇളവുകൾക്കനുസൃതമായുള്ള മാറ്റങ്ങൾ വരുത്തുന്ന നടപടികളും പൂർണ്ണമായിട്ടില്ല. സാംഖ്യ, സഞ്ചയ സോഫ്റ്റ്‌വെയറുകളുടെ ഇന്റഗ്രേഷൻ നടത്തുകയും സാംഖ്യയിലെ വസ്തുനികുതിയുടെ രസീതുകളെ സഞ്ചയ ഡേറ്റാബേസിലെ കെട്ടിടങ്ങളുമായി മാപ്പ് ചെയ്യുന്ന പ്രവൃത്തി തുടരുകയും ചെയ്യുന്നു. 9493 രസീതുകൾ മാപ്പ് ചെയ്തിട്ടുള്ളതായും 471 എണ്ണം മാപ്പ് ചെയ്യാനുള്ളതായും സോഫ്റ്റ് വെയറിലെ റിപ്പോർട്ടുകളിൽ നിന്നും വ്യക്തമാകുന്നു. (സഞ്ചയയിൽ നിന്നും ലഭ്യമായ ബാലൻസ് ടു ബി മാപ്പ്ട് റിപ്പോർട്ട് പ്രകാരം)'Discrepency Solving Steps' ലൂടെ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇ-പേയ്മെന്റ് ആക്ടിവേറ്റ് ചെയ്ത് വസ്തുനികുതി ഓൺലൈനായി സ്വീകരിക്കുന്നതിന് കറന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്.

## 2-6 ഹാളുകൾ/ഓഡിറ്റോറിയങ്ങൾ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ താഴെ പറയുന്ന ഹാളുകൾ/ഓഡിറ്റോറിയങ്ങളുടെ വസ്തുനികുതി നിർണ്ണയിച്ചിട്ടില്ല എന്ന് കാണുന്നു.

1.St.Thomas Church Hall, Cheenkallel

2.NSS Karyogam Auditorium Monippally

3.Uzhavoor St.Stephens Parish Hall

4. NSS Karayogam Hall No.273

5. Parish Hall St.Mathews CSI Church Uzhavoor

6. Mythri Auditorium

7.Theruvath Ulahannan Memmorial Hall

8.Puthuparambil Uthuppu Memmorial Hall

9.Parish Hallof St.Thomas Church

നികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിൽ രേഖാമൂലം വിവരം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് 29.8.17ൽ നൽകിയ 8-ാം നമ്പർ അന്വേഷണക്കുറിപ്പിന് മറുപടി ലഭിച്ചിട്ടില്ല.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ്-207 (എ) പ്രകാരം പൊതു ആരാധനക്കായി നീക്കി വച്ചിട്ടുള്ളതും അല്ലെങ്കിൽ അനുബന്ധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതുമായ കെട്ടിടങ്ങളെ മാത്രമാണ് വസ്തുനികുതി ചുമത്തുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത്. ഗുണഭോക്താക്കളിൽ നിന്ന് വാടകയീടാക്കി സേവനം വിട്ടുനൽകുന്ന ക്ഷേത്രങ്ങളോട് ചേർന്നുള്ള സദ്യാലയങ്ങൾ, പള്ളികളോട് ചേർന്നുള്ള പാരിഷ് ഹാളുകൾ എന്നിവയ്ക്ക് വസ്തുനികുതി ചുമത്തിയിട്ടില്ല. മേൽപ്പറഞ്ഞ ഹാളുകൾ/ഓഡിറ്റോറിയങ്ങൾ/കെട്ടിടങ്ങൾ എന്നിവയുടെ വസ്തുനികുതി നിർണ്ണയിക്കേണ്ടതും നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതുമാണ്.

## 2-7 വസ്തുനികുതി--ഒഴിവാക്കി നൽകിയതിന്റെ കാരണം വ്യക്തമല്ല

സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ചതിൽ താഴെ പറയുന്ന കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതായി കാണുന്നു.

| കെട്ടിട നം. | ഉടമ |
|---|---|
| 1/244A | മാത്യു ചെമ്ബേലിൽ |
| 1/244B | ഇ.ജി.രാമചന്ദ്രൻ, കുടിലിൽപറമ്പിൽ |

| | |
|---|---|
| 1/300A | ഇ.ജി.രാമചന്ദ്രൻ, കുടിലിൽപറമ്പിൽ |
| 2/59 | സെക്രട്ടറി ആഗ്രോ സർവ്വീസ് സൊസൈറ്റി |
| 2/180 | സാംസ്കാരിക നിലയം, പയസ് മൗണ്ട് |
| 2/374 | ലിറ്റിൽ ഫ്ലവർ, വിദ്യ നികേതൻ |
| 3/49 | ചാരിറ്റി മഹിളാ സമാജം |
| 5/144 | സെക്രട്ടറി, കുടുംബശ്രീ ഉൽപാദന വിപണന സെന്റർ |
| 5/386 | മേരിക്കുട്ടി വർഗ്ഗീസ് |
| 6/45 | കൾച്ചറൽ സെന്റർ |
| 6/203 | വാട്ടർ അതോറിറ്റി |
| 6/233 | പത്രോസ് തോട്ടിയിൽ |
| 6/255A | അക്ഷയക്ലബ് |
| 6/342 | പ്രസിഡന്റ്, സൗഭാഗ്യ ക്ലബ് |
| 7/175 | പ്രസിഡന്റ്, 359 വിരാട് വിശ്വലക്ഷ്മി മഹിളാ സമാജം |
| 8/603A | സ്റ്റീഫൻ ജോസഫ് ഇലവുങ്കൽ |
| 10/344 | കേരള ഗണക മഹാസഭ |
| 13/480 A | ഫാദർ സുപ്പീരിയർ വല്ലം ബ്രോസൽ ബെനഡിക്ടൻ കൺഗ്രഗേഷൻ |
| 13/502 | പ്രസിഡന്റ് ഈസ്റ്റ് പൗരസമിതി |

മേൽ പറഞ്ഞ കെട്ടിടങ്ങളെ നികുതി നിർണ്ണയത്തിൽ നിന്നും ഒഴിവാക്കിയതിന്റെ കാരണം വ്യക്തമാക്കാനാവശ്യപ്പെട്ട് 29.8.17ൽ നൽകിയ 11-ാം നമ്പർ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കിയതിന്റെ നിയമപരമായ സാധുത പരിശോധിക്കേണ്ടതും ആവശ്യമെങ്കിൽ നികുതി നിർണ്ണയിക്കേണ്ടതുമാണ്.

## 2-8 വസ്തുനികുതി നിർണ്ണയത്തിൽ അപാകത; നികുതി പുനർനിർണ്ണയിക്കണം

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ, വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്ന 100 ച.മീ.വിസ്തീർണ്ണത്തിലധികമുള്ള ഒരേ കെട്ടിടത്തിലെ വിവിധ മുറികൾക്ക് വിവിധ നമ്പരുകൾ നൽകി നികുതി നിർണ്ണയിച്ചപ്പോൾ 100 ച.മീ.വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ ഒരു ച.മീറ്ററിന് 30 രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. എന്നാൽ കംപ്ലീഷൻ പ്ലാൻ പ്രകാരം ഒരേ വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതും 100 ച.മീറ്ററിലധികം വിസ്തീർണ്ണമുള്ള കെട്ടിടത്തിന് വിവിധ

നമ്പരുകൾ നൽകി നികുതി നിർണ്ണയിച്ചാലും 100 ച.മീറ്ററിൽ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ നികുതി നിരക്കാണ് ബാധകം. വിവിധ നമ്പരുകൾ നൽകി കുറഞ്ഞ നിരക്ക് ബാധകമാക്കി നികുതി നിർണ്ണയിച്ചതിനാൽ ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടമുണ്ടാകുന്ന സാഹചര്യം നിലനിൽക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട ഉടമയുടെ പേര്, വിലാസം | കെട്ടിട നം. | വിസ്തീർണ്ണം (ച.മീ) | നിർണയിച്ച നികുതി ച.മീന് 30- നിരക്കിൽ ബാധകമായ വർദ്ധനവ്/ഇളവുകൾ ഉൾപ്പെടെ, (റോഡിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് -20%) |
|---|---|---|---|---|
| 1 | റെജിമോൻ അലക്സ് | 8/214A | 25.88 | 932 |
| 2 | പി.എൽ.ഏബ്രഹാം | 8/214B | 18.35 | 661 |
| 3 | ഭാവന ആർട്ട്സ് ക്ലബ് | 8/214C | 24.39 | 879 |
| 4 | | 8/214D | 25.88 | 886 |
| 5 | | 8/214E | 18.35 | 628 |
| 6 | | 8/214F | 28.66 | 981 |

ഇത്തരത്തിൽ 100ച.മീ. കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടത്തിന്റെ നികുതി നിരക്കായ 50/- രൂപ ചുമത്തി നിർണ്ണയിക്കാത്തതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് 29.8.17ൽ നൽകിയ 13-ാം നമ്പർ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. യുക്തമായ കാരണങ്ങൾ ഇല്ലാത്തപക്ഷം മേൽ കെട്ടിടത്തിന്റെ ആകെ വിസ്തീർണ്ണമായ ച.മീറ്ററിനും 100 ച.മീറ്ററിൽ കൂടുതലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിരക്കായ 50 രൂപ നിരക്കിൽ നികുതി ചുമത്തേണ്ടതാണ്.

## 2-9 സ്വകാര്യ അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വസ്തുനികുതി ചുമത്തിയിട്ടില്ല

2013 ലെ കേരളപഞ്ചായത്ത് രാജ് ഭേദഗതിനിയമം 207 ബിഎ വകുപ്പനുസരിച്ച് ഹയർസെക്കണ്ടറി തലം വരെയുള്ള സ്വാശ്രയവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വിദ്യാഭ്യാസത്തിന് ഉപയോഗിക്കുന്ന കെട്ടിടങ്ങൾ അവയുടെ ഹോസ്റ്റൽ കെട്ടിടങ്ങൾ എന്നിവയ്ക്ക് മാത്രമേ നികുതിയിളവ് അനുവദിക്കപ്പെട്ടിട്ടുള്ളൂ. തദ്ദേശസ്വയംഭരണ വകുപ്പിന്റെ 12.4.12ലെ 49590/RC2/2011/നമ്പർ സർക്കുലർ പ്രകാരം അംഗീകൃത അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വസ്തുനികുതി ഇളവിന് അർഹത ഉണ്ടായിരിക്കുകയില്ല എന്നും 14.1.11 മുതൽ ഇപ്രകാരമുള്ള സ്ഥാപനങ്ങളിൽ നിന്നും നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണെന്നും സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിച്ചുവരുന്ന സ്വകാര്യ അൺഎയ്ഡഡ് മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനമായ SKPS School മോനിപ്പിള്ളിയിൽ നിന്നും വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല എന്ന് കാണുന്നു. വസ്തുനികുതി നിർണ്ണയിച്ചിട്ടുണ്ടെങ്കിൽ ഫോം 6 സഹിതം വിവരം ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് 29.8.17ൽ നൽകിയ 10-ാം നമ്പർ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല പ്രസ്തുത കെട്ടിടത്തിന്റെ അസസ്മെന്റ് ഫയൽ ഹാജരാക്കാത്തതിനാൽ കെട്ടിടം ഏത് ഗണത്തിൽപ്പെടുന്നവയാണെന്ന് പരിശോധിക്കാൻ സാധിച്ചില്ല. ഉപയോഗക്രമം, അംഗീകാരം എന്നിവ പരിശോധിക്കേണ്ടതും നികുതിയിളവിന്റെ സാധുത ഉറപ്പാക്കേണ്ടതുമാണ്.

## 2-10 കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള വിസ്തീർണ്ണത്തിന് വസ്തു നികുതി നിർണ്ണയിച്ചില്ല -നികുതി നഷ്ടം

1. ശ്രീമതി ഫിലോമിന ചെറിയാൻ തെരുവത്ത് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ളതും, വാണിജ്യാവശ്യത്തിന് ഉപയോഗിക്കുന്നതുമായ കെട്ടിടത്തിന് താഴെ പറയും പ്രകാരം നികുതി നിർണ്ണയിച്ചിട്ടുണ്ട്.

| കെട്ടിട നം. | വിസ്തീർണ്ണം | നിർണ്ണയിച്ച നികുതി -ബാധകമായ വർദ്ധനവുകൾ/ ഇളവുകൾ ഉൾപ്പെടെ (അടിസ്ഥാന നികുതി 50/m2,വഴി സൗകര്യത്തിന്റെ |
|---|---|---|

| | | |
|---|---|---|
| | | അടിസ്ഥാനത്തിൽ വർദ്ധനവ് @20%) |
| 5/17A | 162.28m2 | 9737 |
| 5/17 B | 162.28m2 | 9737 |
| ആകെ | 324.56 | 19594 |

പ്രസ്തുത കെട്ടിടത്തിന്റെ കംപ്ലീഷൻ പരിശോധിച്ചതിൽ, കെട്ടിടത്തിന് 430.52m2 വിസ്തീർണ്ണമുള്ളതായി കാണുന്നു. ആയതിനാൽ ടി കെട്ടിടത്തിന് 25,831 രൂപ നികുതി നിർണ്ണയിക്കേണ്ടതായിരുന്നു.(430.52x50/m2,വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് @20%). കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള വിസ്തീർണ്ണത്തിന് നികുതി നിർണ്ണയിക്കാത്തത് മൂലം പ്രതിവർഷം 6,237 രൂപ നികുതി നഷ്ടം ഉണ്ടാകുന്നു. ടി വിഷയത്തിന് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 29.8.17ൽ നല്കിയ 12-ാം നമ്പർ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല. നികുതി പുനർനിർണ്ണയിക്കേണ്ടതും കുറവ്തുക ഈടാക്കേണ്ടതുമാണ്.

2.ശ്രീ.സുനിൽ പോൾ മാത്തിപ്പറമ്പിൽ എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് താഴെ പറയും പ്രകാരം നികുതി നിർണ്ണയിച്ചിട്ടുണ്ട്.

| കെട്ടിട നം. | വിസ്തീർണ്ണം | നിർണ്ണയിച്ച നികുതി -ബാധകമായ വർദ്ധനവുകൾ/ഇളവുകൾ ഉൾപ്പെടെ (അടിസ്ഥാന നികുതി 30/m2,വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വർദ്ധനവ് @20%) |
|---|---|---|
| 13/300 A | 28.38m2 | 1022 |
| 13/300 B | 28.38m2 | 1022 |
| 13/300 C | 54.4m2 | 1959 |
| 13/300 D | 41.04m2 | 1478 |
| 13/300 E | 15.66m2 | 564 |
| ആകെ | 167.83m2 | 6045 |

100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 50/- രൂപയായി ഗ്രാമപഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട്. മേൽ കെട്ടിടത്തെ വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണയിക്കുകയും അവയ്ക്ക് ഉയർന്ന നികുതി നിരക്കിന് പകരം 100 ചതുരശ്ര മീറ്ററിന് താഴെയുള്ള കെട്ടിടത്തിന് ബാധകമാകേണ്ട 30/- രൂപ നിരക്കിൽ വസ്തു നികുതി ഈടാക്കിയതായും കാണുന്നു. കൂടാതെ പ്രസ്തുത കെട്ടിടത്തിന്റെ കംപ്ലീഷൻ പരിശോധിച്ചതിൽ, കെട്ടിടത്തിന് ബേസ്മെന്റ് ഫ്ലോർ 191.64m2, ഗ്രൗണ്ട് ഫ്ലോർ 191.61m2 ഉൽപ്പെടെ 383.25m2 വിസ്തീർണ്ണമുള്ളതായി കാണുന്നു.

കംപ്ലീഷൻ പ്രകാരമുള്ള വിസ്തീർണ്ണത്തിന് നികുതി നിർണ്ണയിക്കാഞ്ഞതിനാൽ വസ്തുനികുതിയിനത്തിൽ പഞ്ചായത്തിന് നഷ്ടം ഉണ്ടായി. കംപ്ലീഷൻ പ്ലാൻ പ്രകാരമുള്ള വിസ്തീർണ്ണത്തിന് നികുതി നിർണ്ണയിക്കാത്തിനും വിഭജിച്ച് നികുതി നിർണയിച്ചപ്പോൾ കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചതിനും കാരണം വ്യക്തമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് (നം.12/29.8.7)മറുപടി ലഭ്യമാക്കിയില്ല. കംപ്ലീഷൻ പ്രകാരമുള്ള വിസ്തീർണ്ണത്തിന് നികുതി നിർണ്ണയിക്കേണ്ടതും നഷ്ടം ഈടാക്കേണ്ടതുമാണ്.

## 2-11 വസ്തുനികുതി -ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ ഉപയോഗക്രമം വ്യക്തമല്ല

സഞ്ചയ സോഫ്റ്റ്വെയർ പരിശോധിച്ചതിൽ 139 കെട്ടിടങ്ങളെ വസ്തുനികുതിയിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ഇവയുടെ ഫോം 6 പരിശോധിച്ചതിൽ ഇവയുടെ ഉപയോഗക്രമത്തിൽ(ക്രമ നമ്പർ 15) 'നികുതി ഉപനികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങൾ' എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഡേറ്റാ എൻട്രി നടത്തിയപ്പോൾ ഉപയോഗക്രമം ശരിയായി രേഖപ്പെടുത്താതിനാൽ നികുതി ഒഴിവാക്കിയത് നിലവിലുള്ള നിയമങ്ങൾക്കനുസരിച്ചാണോ എന്ന് പരിശോധിക്കാൻ സാധിച്ചില്ല.

അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നൽകിയ അന്വേഷണക്കുറിപ്പിന് മറുപടി ലഭ്യമാക്കിയില്ല

## 2-12 വസ്തു നികുതി -സാംഖ്യ സഞ്ചയ കണക്കുകൾ പൊരുത്തപ്പെടുന്നില്ല

വസ്തുനികുതി പരിഷ്കരണം പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ സാംഖ്യയിൽ നിന്നും സഞ്ചയയിൽ നിന്നുള്ളതുമായ വസ്തുനികുതി കളക്ഷൻ തുകയിൽ വ്യത്യാസമുണ്ട്. വിശദംശം ചുവടെ ചേർക്കുന്നു

| കളക്ഷൻ | സാംഖ്യ പ്രകാരം | സഞ്ചയ പ്രകാരം | വ്യത്യാസം |
|---|---|---|---|
| കറന്റ്(റസിഡൻഷ്യൽ + നോൺ റസിഡൻഷ്യൽ) | 22,06,525 | 2272152 | 65627 |
| അരിയർ(റസിഡൻഷ്യൽ + നോൺ റസിഡൻഷ്യൽ) | 19,38,663 | 1939075.96 | 412.96 |

വ്യത്യാസം വിശദീകരിക്കേണ്ടതാണ്. 'Discrepency Solving Steps' ലൂടെ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. ഇ-പേയ്മെന്റ് ആക്റ്റിവേറ്റ് ചെയ്ത് വസ്തുനികുതി ഓൺലൈനായി സ്വീകരിക്കുന്നതിന് കറന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്.

## 2-13 വളർത്ത് നായ്ക്കൾക്ക് ലൈസൻസ് അനുവദിക്കുന്നതിൽ വീഴ്ച

വെറ്ററിനറി സർജൻ നിർവ്വഹണോദ്യോഗസ്ഥനായി തൻവർഷം നടപ്പാക്കിയ പേ വിഷനിയന്ത്രണം എന്ന പ്രോജക്ട് പ്രകാരം (നമ്പർ 38/17) 208 നായ്ക്കൾക്ക് കുത്തിവെയ്പ്പ് എടുത്തിട്ടുണ്ട്. 1998 ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 4 പ്രകാരം 10 രൂപ ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്. ചട്ടം 5 പ്രകാരം ലൈസൻസില്ലാതെ പട്ടികളെ വളർത്തിയാൽ 250 രൂപ വരെ പിഴ ഈടാക്കേണ്ടതും പിന്നീട് ഓരോ ദിവസത്തേക്കും കുറ്റസ്ഥാപനത്തിൻമേൽ 50 രൂപ വീതം പിഴ ശിക്ഷ ചുമത്താവുന്നതുമാണ്. വാർഷിക കണക്കുകളിലെ RP4 ഷെഡ്യൂൾ പ്രകാരം ഈ ഇനത്തിലുള്ള ലൈസൻസ് ഫീസ് വരവ് 630 രൂപയാണ്. ലൈസൻസ് ഫീസ് ഇനത്തിൽ തന്നെ 1,450 രൂപ നഷ്ടമുണ്ടായി (2080-630). ലൈസൻസ് ഫീ ഡിമാന്റ് ചെയ്യാത്തതിനാൽ ലഭ്യമാകാവുന്ന പിഴയിനത്തിലുള്ള വരവുകൂടി നഷ്ടമായി. കൂടാതെ അടുത്ത കാലത്തായി വർദ്ധിച്ചുവരുന്ന തെരുവുനായ ശല്യത്തിന്റെ പ്രധാന കാരണം ഉപേക്ഷിക്കപ്പെട്ട വളർത്തുനായകളാണ്. പഞ്ചായത്ത് പരിധിയിൽപ്പെട്ട എല്ലാ വളർത്തുനായകൾക്കും ലൈസൻസ് നൽകുന്നത് മൂലം ഇവ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങളുടെ ഉത്തരവാദിത്വം അവയുടെ ഉടമസ്ഥരിൽ വന്നുചേരുന്നു. ആയതിനാൽ ഉടമസ്ഥർ വളർത്തുനായകളുടെ സംരക്ഷണത്തിൽ കൂടുതൽ ശ്രദ്ധാലുക്കളാകുകയും തന്മൂലം തെരുവുനായ ശല്യം കുറയുകയും ചെയ്യുന്നതാണ്. അതിനാൽ വളർത്തുനായ്ക്കൾക്ക് ലൈസൻസ് നിർബന്ധമാക്കുന്നതിനുള്ള നടപടികൾ അധികൃതർ സ്വീകരിക്കേണ്ടതാണ്.

## 2-14 വാടകയിനത്തിൽ ഭീമമായ തുക കുടിശ്ശികയായി അവശേഷിക്കുന്നു

സ്ഥാപനത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ വാടക രജിസ്റ്റർ പരിശോധിച്ചതിൽ, മോനിപ്പിള്ളി, ഉഴവൂർ ഷോപ്പിംഗ് കോംപ്ലക്സുകളിലായി 39 മുറികൾ വാടകക്ക് നൽകിയിട്ടുണ്ടെങ്കിലും അവയിലെ താഴെ പറയുന്ന മുറികളിൽ നിന്ന് വാടക പൂർണ്ണമായി ഈടാക്കിയിട്ടില്ലായെന്ന് കാണുന്നു.

| ക്രമ | റൂം | കുത്തകക്കാരൻ (വാടക രജിസ്റ്റർ | വാടക | കുടിശ്ശിക (വാടക രജിസ്റ്റർ പ്രകാരം) |
|---|---|---|---|---|

| നമ്പർ | നമ്പർ | പ്രകാരം) | | |
|---|---|---|---|---|
| 1 | 5/455 | സോമശേഖരൻ നായർ | 1,461 | 1,461(മെയ് മാസം) |
| 2 | 5/485 | സജിമോൻ എൻ.പി. | 2,510 | 2,510(ജൂൺ മാസം) |
| 3 | 5/467 | അനിൽ കുമാർ | 388 | 388 (ജൂൺ മാസം) |
| 4 | 5/472 | രാജു പി.എൻ. | 498 | 498 (ജൂൺ മാസം) |
| 5 | 13/377 | തോമസ് ടി.ടി. | 750 | 2,745(കുടിശ്ശിക കാലയളവ് വ്യക്തമല്ല) |
| 6 | 13/385 | രാജേന്ദ്രൻ | 370 | 370 (മെയ് മാസം) |
| 7 | 13/386 | രാജേന്ദ്രൻ | 370 | 370 (മെയ് മാസം) |
| 8 | 5/473 | കെ.കെ.ജോസ് | 1,050 | 1,050 (ജൂൺ മാസം) |
| 9 | 5/475 | വൽസല എൻ.പി. | 575 | 53(ഏപ്രിൽ മാസം കുറവായി ഈടാക്കിയത്) |
| 10 | 5/476 | ജോയ് ജേക്കബ് | 1,050 | 612(ഏപ്രിൽ മാസം കുറവായി ഈടാക്കിയത്) |
| 11 | 5/477 | മാത്തുക്കുട്ടി പി.സി. | 1,050 | 391(ഏപ്രിൽ മാസം കുറവായി ഈടാക്കിയത്) |
| 12 | 5/479 | രാജൻ സി. | 1,100 | 8,800 (ഓഗസ്റ്റ് മുതൽ മാർച്ച് വരെ) |
| 13 | 5/3 | ബി.എസ്.എൻ.എൽ. | 7,577 | 90,922 (ഏപ്രിൽ മുതൽ മാർച്ച് വരെ) |
| ആകെ | | | | 1,10,170 |

ഇതു സംബന്ധിച്ച് സംബന്ധിച്ച നൽകിയ എൻക്വയറിക്ക്(7/30.08.17) വിശദീകരണം ലഭ്യമാക്കിയിട്ടില്ല. വാടകയിനത്തിൽ അവശേഷിക്കുന്ന കുടിശ്ശിക പലിശ സഹിതം ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-15 പരസ്യ നികുതി പിരിക്കുന്നില്ല

2016-17 ലെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ഗ്രാമ പഞ്ചായത്തിന് പരസ്യ നികുതി ഇനത്തിൽ യാതൊരു വരുമാനവും ലഭ്യമായിട്ടില്ല. പരസ്യ നികുതി ബൈലോ തയ്യാറാക്കി പാസ്സാക്കുന്നതിനുള്ള നടപടിക്രമങ്ങൾ നാളിതുവരെ സ്വീകരിച്ചിട്ടില്ല. വളരെ വേഗത്തിൽ വികസിച്ചുകൊണ്ടിരിക്കുന്നതും കോട്ടയം, എറണാകുളം എന്നീ പട്ടണങ്ങൾക്ക് നടുവിലായി സ്ഥിതി ചെയ്യുന്നതുമായ ഈ പ്രദേശത്തു കൂടി പല പ്രധാന റോഡുകളും മറ്റ് പല PWD റോഡുകളും കടന്നുപോകുന്നുണ്ട്. ഓഡിറ്റിന്റെ പരിശോധനയിൽ, വലിപ്പമേറിയതും ശ്രദ്ധയാകർഷിക്കുന്നതുമായ വളരെയധികം പരസ്യ ബോർഡുകൾ പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ളതായി കാണുവാൻ സാധിച്ചിട്ടുണ്ട്. പരസ്യ നികുതി ചുമത്താത്തത് മൂലം ഗ്രാമ പഞ്ചായത്തിന് വരുമാന നഷ്ടം ഉണ്ടാകുന്നതായി ഓഡിറ്റ് വിലയിരുത്തുന്നു. പരസ്യ നികുതി ബൈലോ തയ്യാറാക്കി അംഗീകാരം ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ അടിയന്തിരമായി പൂർത്തിയാക്കി പരസ്യ നികുതി പിരിച്ചെടുക്കേണ്ടതാണ്. ഈ വിഷയത്തിലേയ്ക്ക് ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 2-16 ഷോപ്പിംഗ് കോംപ്ലക്സ്- ബൈലോ തയ്യാറാക്കിയിട്ടില്ല

ഷോപ്പിംഗ് സെന്റർ ഉള്ള പഞ്ചായത്തുകൾ അവ വാടകക്ക് നല്കുന്നതിന് ബൈലോ തയ്യാറാക്കി പഞ്ചായത്ത് ഡയറക്ടറുടെ അംഗീകാരം വാങ്ങണമെന്ന് സർക്കാർ നിർദ്ദേശം ഉള്ളതാണ്. എന്നാൽ 40 മുറികൾ വാടകക്ക് നല്കിയിട്ടുള്ള പഞ്ചായതിന് നിയമാനുസൃതമുള്ള ബൈലോ ഇല്ലെന്നത് ഇവയുടെ ലേലം, തുടർ നടപടികൾ എന്നിവയുടെ സുതാര്യത ഇല്ലാതാക്കുന്നു. വാടകക്കാരുമായുള്ള കോടതിവ്യവഹാരങ്ങളെയും ഇത് ബാധിക്കാനുള്ള സാദ്ധ്യതയുണ്ട്. ഷോപ്പിംഗ് കോംപ്ലക്സ് സംബന്ധിച്ച ബൈലോ തയാറാക്കി മുറികളുടെ ലേലം, വാടക നടപടികൾ

ക്രമീകരിക്കേണ്ടതാണ്.

## ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 സ്യൂട്ട് രജിസ്റ്റർ സൂക്ഷിപ്പിൽ അലംഭാവം

വക്കീൽ ഫീസിനത്തിൽ നൽകിയ ചുവടെ ചേർക്കുന്ന തുകകളും കേസിന്റെ വിശദാംശങ്ങളും സ്യൂട്ട് രജിസ്റ്ററിൽ ചേർത്തിട്ടില്ല.

| വൗച്ചർ നമ്പർ | കേസ് നമ്പർ | നൽകിയ തുക | വക്കീൽ |
|---|---|---|---|
| 21600721/21.12.16 | WP(c) 4207/16 | 10,000 | അഡ്വ.ജേക്കബ് ആന്റ് സൈമൺ |
| 21601083/30.3.17 | WP(c) 4207/16 | 3,000 | അഡ്വ.ജേക്കബ് ആന്റ് സൈമൺ |
| 21600316/28.7.16 | WP(c) 11691/15 | 3,000 | അഡ്വ.ജേക്കബ് ആന്റ് സൈമൺ |

കേസിന്റെ വിശദാംശങ്ങളും തുക നൽകിയതിന്റെ വിവരങ്ങളും സ്യൂട്ട് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. കേസിന്റെ നിലവിലുള്ള അവസ്ഥ വ്യക്തമല്ല. സ്യൂട്ട് രജിസ്റ്ററിൽ ചേർക്കാതെ വക്കീൽ ഫീസ് നൽകിയത് ക്രമപ്രകാരമല്ല. സ്യൂട്ട് രജിസ്റ്റർ പ്രകാരം 23 കേസുകൾ പെൻഡിംഗുണ്ട്. എന്നാൽ കേസുകളുടെ വിശദാംശങ്ങളും തുടർവിവരങ്ങളും രേഖപ്പെടുത്തിയിട്ടില്ല. രജിസ്റ്റർ കാലികമായി എഴുതി സൂക്ഷിക്കേണ്ടതാണ്.

### 3-2 പശ്ചിമഘട്ട വികസനപദ്ധതി-തുകയുടെ കൈപ്പറ്റില്ല

പശ്ചിമഘട്ട വികസനപദ്ധതിയുമായി ബന്ധപ്പെട്ട ചുവടെ ചേർക്കുന്ന അക്കൗണ്ടുകൾ തൻവർഷം (28.10.16 ൽ) ക്ലോസ്സ് ചെയ്തിട്ടുണ്ട്.

| അക്കൗണ്ട് നമ്പർ | ബാങ്ക് | 28.10.16 ലെ നീക്കിയിരിപ്പ് | തുക പിൻവലിച്ച വൗച്ചർ നമ്പർ |
|---|---|---|---|
| 67091438983 | എസ്.ബി.ടി ഉഴവൂർ | 3710 | 21600573/28.10.16 |
| 67107933417 | എസ്.ബി.ടി ഉഴവൂർ | 94487 | 21600574/28.10.16 |

28.10.16 അക്കൗണ്ട് ക്ലോസ് ചെയ്ത് പശ്ചിമഘട്ട വികസനപദ്ധതി ഡയറക്ടർ പേർക്ക് നൽകാൻ പിൻവലിച്ച ടി തുകകളുടെ കൈപ്പറ്റ് വിവരം ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുന്നത് വരെ 98,197 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 3-3 തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണി-പ്രോജക്ട് പൂർത്തീകരിക്കാത്തത് സംബന്ധിച്ച്

പ്രോജക്ട് നമ്പർ-3/17

അടങ്കൽ-4,00,000(ധനകാര്യകമ്മീഷൻ ഗ്രാന്റ്)

ചെലവ്-98,750

നിർവ്വഹണോദ്യോഗസ്ഥൻ-സെക്രട്ടറി

തെരുവുവിളക്കുകളുടെ അറ്റകുറ്റപ്പണികൾ എന്ന പ്രോജക്ടിനായി കുറഞ്ഞ ടെണ്ടർ സമർപ്പിച്ച (3,95,000 രൂപ) സജീവ് ഇ.ആർ., ഇല്ലിക്കൽ എന്ന വ്യക്തിയെ ചുമതലപ്പെടുത്തി.15.2.17 ൽ ടിയാനുമായി കരാറിലേർപ്പെടുകയും ചെയ്തു. 500 എൽ.ഇ.ഡി ബൾബുകളും അനുബന്ധ ഫിറ്റിംഗ്സുകളും വാങ്ങിയതിന്റെ വിലയായ 1,03,602 രൂപയുടെ ബില്ല് ടിയാൻ ഹാജരാക്കി. കരാർ പ്രകാരം, കരാർതുകയുടെ 25% (98,750 രൂപ) വൗച്ചർ നമ്പർ 21601084/30.3.17 പ്രകാരം പിൻവലിച്ച് ശ്രീ.സജീവിന് നൽകി. എന്നാൽ നാളിതുവരെ പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല. പ്രോജക്ടിന്റെ പൂർത്തീകരണത്തിന് സ്വീകരിച്ച നടപടികൾ അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമായില്ല. പ്രോജക്ടിന്റെ പൂർത്തീകരണവിവരങ്ങൾ ലഭ്യമാക്കുന്നത് വരെ മേൽ പ്രോജക്ടിനായുള്ള 98,750 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-4 അസിസ്റ്റന്റ് എൻജിനീയർ നടപ്പാക്കിയ പ്രോജക്ടുകൾ - ടെണ്ടറുകൾ മത്സരസ്വഭാവം പുലർത്തിയില്ല

2016-17 വർഷം അസിസ്റ്റന്റ് എൻജിനീയർ കരാറുകാർ മുഖേന നടപ്പാക്കിയ പ്രോജക്ടുകളിൽ ഭൂരിഭാഗം പ്രോജക്ടുകൾക്കും രണ്ട് ടെണ്ടറുകൾ വീതമാണ് ലഭിച്ചത്. എസ്റ്റിമേറ്റ് നിരക്കിലുള്ളതും 0.01% താഴ്ന്ന നിരക്കിലുള്ളതും. 0.1% താഴ്ന്ന നിരക്കിലുള്ള രണ്ട് എണ്ണവും ലഭിച്ചു. ഇതിൽനിന്ന് ടെണ്ടറുകൾ മത്സരസ്വഭാവം പുലർത്തിയില്ലയെന്ന് വ്യക്തമാകുന്നു.

ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1.പ്രോ.നം.136/17 - ഉഴവൂർ പൊയ്യാനിമല ചേരടിയിൽ റോഡ് ടാറിംഗ്.

2.പ്രോ.നം.128/17 - കല്ലട ഊന്നുകല്ലിക്കൽ പൂവത്തോലിക്കൽ റോഡ് ടാറിംഗ്.

3.പ്രോ.നം.114/17 - കക്കനാട്ട്കുന്ന്- തൊട്ടിയിൽപീടിക റോഡ് ടാറിംഗ്.

4.പ്രോ.നം.111/17 - പറക്കാട്ട് - മുതുകുളം റോഡ് സോളിംഗ്, മെറ്റലിംഗ്, ടാറിംഗ്.

ടെണ്ടർ നടപടികളിൽ വേണ്ടത്ര രഹസ്യ സ്വഭാവം പുലർത്താത്തത് മൂലമാണോ ഇപ്രകാരം നേരിയ തോതിലുള്ള ടെണ്ടർ ഡിഡക്ഷൻ മാത്രം ക്വോട്ട് ചെയ്തിട്ടുള്ളതെന്നും ടെണ്ടർ നടപടികളുടെ പ്രസക്തി തന്നെ നഷ്ടപ്പെടുത്തുന്ന ഇത്തരം പ്രവണത സംബന്ധിച്ച് പരിശോധന നടത്തുന്നതിനും ആവശ്യമെങ്കിൽ പരിഹാരനടപടികൾ സ്വീകരിക്കുന്നതിനും ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-5 മരുന്നുകൾ ലഭ്യമായിട്ടില്ല

1. പ്രോജക്ട് : 87/16-17:- മോനിപ്പള്ളി ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ--മരുന്നുകൾ ലഭ്യമായില്ല

അടങ്കൽ : 1,00,000

ചെലവ് : 1,00,000

നിർവഹണ ഉദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ (ഹോമിയോ)

ബിൽ നമ്പർ : 1/16-17 തീയതി : 22.02.2017

2. പ്രോജക്ട് : 103/16-17:- എൻ.അർ.എച്ച്.എം ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ--മരുന്നുകൾ ലഭ്യമായില്ല

അടങ്കൽ : 1,85,000

ചെലവ് : 1,85,000

നിർവഹണ ഉദ്യോഗസ്ഥൻ: മെഡിക്കൽ ഓഫീസർ (ഹോമിയോ)

ബിൽ നമ്പർ : 1/16-17 തീയതി : 07.03.2017

മേൽ പ്രോജക്ടുകൾപ്രകാരം ഹോമിയോ ആശുപത്രിക്ക്, മരുന്ന് വാങ്ങുന്നതിനായി 2,85,000 രൂപ ഹോംകോ, ആലപ്പുഴ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. എന്നാൽ നാളിതുവരെ മരുന്നുകൾ ആശുപത്രിയിൽ ലഭ്യമായിട്ടില്ല.

ആയതിനാൽ മേൽ പ്രൊജക്ടുകളുടെ ചെലവ് 2,85,000 രൂപ (100000+185000) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

3.പ്രോ.നം 107/17,ആയുർവേദാശുപത്രിക്ക് മരുന്ന് വാങ്ങൽ--മരുന്നുകൾ പൂർണ്ണമായി ലഭിച്ചില്ല

ആയുർവേദ മെഡിക്കൽ ഓഫീസർ നിർവഹണം നടത്തിയ ടി പ്രോജക്ടിനായി 2 ലക്ഷം രൂപ ഡി.ഡി.നം.675247/1.12.16 പ്രകാരം ഔഷധിക്ക് നല്കിയിട്ടുണ്ട്. മരുന്നുകൾ ലഭിച്ചുവെങ്കിലും 4,096/- രൂപയുടെ മരുന്നുകൾ കൂടി ലഭിക്കുവാൻ അവശേഷിക്കുന്നു. മരുന്നുകൾ ലഭിക്കുന്നതുവരെ 4,096/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-6 വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല

ചുവടെ ചേർക്കുന്ന ചെലവു തുകകളുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ/പേര് | നിർവ്വഹണ ഉദ്യോഗസ്ഥൻ | ചെലവ് തുക/ഫണ്ട് | വൗച്ചർ നമ്പർ/ തുക സ്വീകരിച്ച ഓഫീസ് |
|---|---|---|---|---|
| 1 | 30/17 ലൈൻ എക്സ്റ്റൻഷൻ | സെക്രട്ടറി | 8,06,740 (വികസനഫണ്ട്) | 21600902/28.2.17 കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, മരങ്ങാട്ടുപള്ളി |
| 2 | 9/17,ചേറ്റുകളം അങ്കണവാടി വൈദ്യുതീകരണം | സെക്രട്ടറി | 34,150 (സംരക്ഷണ ഗ്രാന്റ് റോഡിതരം) | 21600974/14.3.17 കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, മരങ്ങാട്ടുപള്ളി |
| 3 | 42/17,കുറുനെച്ചി സബ്സെന്റർ വൈദ്യുതീകരണം | സെക്രട്ടറി | 12,940 (സംരക്ഷണ ഗ്രാന്റ് റോഡിതരം) | 21601077/30.3.17 കെ.എസ്.ഇ.ബി ഇലക്ട്രിക്കൽ സെക്ഷൻ, മരങ്ങാട്ടുപള്ളി |
| 4 | 36/17കന്നുകുട്ടിപരിപാലനം (വനിത) | വെറ്ററിനറി സർജൻ | 6,25,000 (വികസനഫണ്ട്) | ബിൽ നമ്പർ 2/16-17/24.3.17 അസിസ്റ്റന്റ് ഡയറക്ടർ കാഫ്ഫീഡ് സബ്സിഡി, കോട്ടയം |
| 5 | 86/17 പി.എം.എ.വൈ | വി.ഇ.ഒ. | 80,000 | ബിൽ നമ്പർ 2/16-17/31.1.17 സെക്രട്ടറി, ഉഴവൂർ ബ്ലോക്ക് |
| 6 | 40/17 എസ്.എസ്.എ വിഹിതം (ജനറൽ) | ഹെഡ്മിസ്ട്രസ് | 4,00,000 (വികസനഫണ്ട്) | 1/16-17 22.11.16 പ്രോജക്ട് ഓഫീസർ, എസ്.എസ്.എ |
| | | ആകെ | 19,58,830 | |

വിനിയോഗസാക്ഷ്യപത്രം ലഭ്യമാകാത്തതിനാൽ 19,58,830 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

2016-17 സാമ്പത്തിക വർഷം 1594 പേർക്ക് തൊഴിൽ കാർഡ് നല്കി, 459 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. ലേബർ ബഡ്ജറ്റ് പ്രകാരം തൻവർഷം 258 പദ്ധതികൾ വിഭാവനം ചെയ്യുകയും, 104 എണ്ണത്തിന് സാങ്കേതികാനുമതി ലഭിയ്ക്കുകയും, 95 പദ്ധതികൾ പൂർത്തിയാക്കുകയും ചെയ്തു. ശരാശരി 15831 തൊഴിൽദിനങ്ങൾ സൃഷ്ടിയ്ക്കപ്പെട്ടു. 13 കുടുംബത്തിന് മാത്രം 100 തൊഴിൽദിനങ്ങൾ നല്കാൻ കഴിഞ്ഞു. 347 കുടുംബങ്ങൾക്ക് 50 ൽ താഴെ തൊഴിൽദിനങ്ങൾ മാത്രമാണ് നല്കാൻ കഴിഞ്ഞത്. പാടശേഖര കൈത്തോട് പുനരുദ്ധാരണം,തോട് ആഴം കൂട്ടി തടയണ നിർമ്മാണം,കൈത്തോട് പുനരുദ്ധാരണം, റോഡ് കോൺക്രീറ്റിംഗ്, ഐ.എ.വൈ ഭവന നിർമ്മാണം, നീർത്തടം കമ്പോസ്റ്റ് പിറ്റ് നിർമ്മാണം, ബി.പി.എൽ കുടുംബത്തിന് കിണർ നിർമ്മാണം തുടങ്ങിയ പ്രോജക്ടുകൾ നടപ്പാക്കി.

തൻവർഷത്തെ വരവ് ചെലവ് സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1,378 |
| വരവ്(ഇ.എഫ്.എം.എസ് ഉൾപ്പെടെ) | 54,17,987 |

| | |
|---|---|
| പലിശ | 516 |
| ആകെ | 54,79,881 |
| ചെലവ് | 54,71,854.5 |
| നീക്കിയിരിപ്പ് | 8,026.5 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യുവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 16-17 | 1,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 16-17 | 2,00,000 | പാൽവില ഇൻസെന്റീവ് | 2,00,000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | നൽകിയ തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| കെ.എസ്.ഇ.ബി | 8,06,740 | 126/17,ഒന്നാം വാർഡിൽ ലൈൻ എക്സ്റ്റൻഷൻ | -- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |
| കെ.എസ്.ഇ.ബി | 34,150 | അങ്കണവാടി വൈദ്യുതീകരണം | -- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |
| കെ.എസ്.ഇ.ബി | 12,940 | സബ്സെന്റർ വൈദ്യുതീകരണം | -- | വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

വായ്പയിനത്തിൽ തിരിച്ചടക്കാൻ തുക അവശേഷിക്കുന്നില്ല.

## 4-5 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങളില്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി ഇനത്തിൽ തൻവർഷം വരവില്ല.

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 7-ഡി | 2002-03 | 5-6(1) | അധികം തുക പിൻവലിച്ച് ക്രമക്കേട് നടത്തിയത് സംബന്ധിച്ച് | അക്കൗണ്ട്സ് കമ്മറ്റിയുടെ പരിഗണനയിലാണ്. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 4,35,07,106 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 3,38,59,797 |
| വരവിനങ്ങളിലുള്ള നഷ്ടം | : | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 24,44,873 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 98,197 | ശ്രീ.സണ്ണി മാത്യു, അസിസ്റ്റന്റ് സെക്രട്ടറി(ഇൻ ചാർജ്ജ് ഓഫ് സെക്രട്ടറി) |
| 3-3 | 98,750 | ശ്രീ.ഒ.എം.മത്തായി, സെക്രട്ടറി |
| 3-5(1,2) | 2,85,000 | ശ്രീമതി ധന്യാപ്രസാദ്, മെഡിക്കൽ ഓഫീസർ, ഹോമിയോ |
| 3-5(3) | 4,096 | ഡോ.എൻ.പി.മേരി, മെഡിക്കൽ ഓഫീസർ, ആയുർവ്വേദം |
| 3-6(1-3) | 8,53,830 | ശ്രീ.ഒ.എം.മത്തായി, സെക്രട്ടറി |
| 3-6(4) | 6,25,000 | ഡോ.എൽസോ ജോൺ, വെറ്ററിനറി സർജൻ |
| 3-6(5) | 80,000 | ശ്രീ.സുനിൽ എ.പി., വി.ഇ.ഒ. |
| 3-6(6) | 4,00,000 | ശ്രീമതി അംബിക സി.കെ., ഹെഡ്മിസ്ട്രസ് |
| ആകെ | 24,44,873 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ബാധകമല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നു പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 | എൽ.എഫ്.കെ.പി4/576/14/12.1.15 |
| 1998-99 | എൽ.എഫ്.കെ.പി4/576/14/12.1.15 |
| 99-00-01-02 | എൽ.എഫ്.കെ.പി4/576/14/12.1.15 |
| 2002-03 | എൽ.എഫ്.കെ.പി4/744/15/19.1.15 |
| 03-04 | എൽ.എഫ്.കെ.പി4/1819/15/8.9.15 |
| 04-05 | എൽ.എഫ്.കെ.പി10/1557/07/24.2.11 |
| 05-06 | എൽ.എഫ്.കെ.പി4/842/11/2.4.12 |
| 2006-07 | എൽ.എഫ്.കെ.പി4/1249/10/12.7.12 |
| 2007-08 | എൽ.എഫ്.കെ.പി4/1251/10/3.8.12 |
| 2008-09 | എൽ.എഫ്.കെ.പി4/33/13/11.1.13/30.4.13 |
| 2009-10, 10-11 | എൽ.എഫ്.കെ.പി4/1660/13/6.12.13/9.12.13 |
| 2011-12 | എൽ.എഫ്.കെ.പി4/1231/14/29.1.15 |
| 2012-13 | എൽ.എഫ്.കെ.പി4/290/15/25.1.16 |
| 2014-15 | കെ.എസ്.എ-കെ.ടി.എം.പി.4/699/16/5.9.16 |
| 2015-16 | കെ.എസ്.എ-കെ.ടി.എം.പി.4/1840/16/5.12.16 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

## അനുബന്ധം 1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-
കെ.ടി.എം.പി4/1413/2017 തീയതി:
20.09.2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം.

ഫോൺ: 04812564886
ഇ-മെയിൽ: doktm.ksad@kerala.gov.in

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ ഉഴവൂർ

ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ ഉഴവൂർ ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനനകാര്യപത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിയ്ക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു. ഇത് തയ്യാറാക്കിയത് 1994 ലെ കേരളാപഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പും 2011 കേരളാ പഞ്ചായത്ത് രാജ് അക്കൗണ്ടിംഗ് ചട്ടങ്ങളും അനുസരിച്ചാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം